ശ്രീ. പി. കെ. ചാത്തൻ: റിപ്പയറിൽ ഇരിക്കുന്ന സമയത്തു് മരുന്നു എത്തിക്കാൻ വിഷമം വരുന്നുണ്ടു്. നല്ല രീതിയിൽ ഈ ചികിത്സാസമ്പ്രദായം നടത്താൻ ശ്രമിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: രണ്ടു പുതിയ വാൻ വാങ്ങി ഈ ചികിത്സാ സമ്പ്രദായം നടത്താൻ ഗവണ്മെൻറു ശ്രമിക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: വാൻ നന്നാക്കാൻ സാധിക്കുകയില്ലെന്നു വർക്ക്ഷാപ്പിൽനിന്നു വിവരം കിട്ടിയാൽ ആ വാനുകൾ മാറാൻ ശ്രമിക്കാം.

പ്രവർത്തനമാരംഭിക്കാതെ ഇട്ടിരിക്കുന്ന ആശുപത്രി.

* 1642. [12] ശ്രീ. കെ. എം. ജോർജ്ജു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ആശുപത്രികൾക്കുവേണ്ടി കെട്ടിടംപണി പൂർത്തിയാക്കിയിട്ടും (സർക്കാരോ, സഹകാരിവ്യക്തികളോ) ഉൽഘാടനം ചെയ്യാതെയും പ്രവർത്തനമാരംഭിക്കാതെയും എത്രയിടങ്ങളിൽ വൃഥാ ഇട്ടിരിക്കുന്നു;

(ബി) കോതമംഗലത്തു് ഗവണ്മെൻറാശുപത്രിയോടനുബന്ധിച്ചു രു കെട്ടിടം പഞ്ചായത്തിൽനിന്നും കെട്ടിച്ചുതന്നിട്ടു് എത്ര കാലമായി;

(സി) എന്തുകൊണ്ടാണു് ഈ വാർഡുകൾ ഉൽഘാടനം ചെയ്തു് രോഗികൾക്കു് പ്രയോജനകരമാക്കിത്തീർക്കാത്തതു്;

(ഡി) കോതമംഗലം ആശുപത്രിയിൽ പ്രതിദിനം എത്ര രോഗികൾ ഇപ്പോൾ ചികിത്സയ്ക്കായി വരുന്നു;

(ഇ) ഈ ആശുപത്രിയിൽ എത്ര ഡാക്ടർമാരുണ്ടു്?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ചില പ്രത്യേക കാരണങ്ങളാൽ താഴെപ്പറയുന്ന വാർഡുകളിലും ഡിസ്പെൻസറി കെട്ടിടങ്ങളിലും പ്രവർത്തനമാരംഭിച്ചിട്ടില്ല:—

(1) കോതമംഗലം ഡിസ്പെൻസറി—ഒരു വാർഡു്.
(2) കാവിലങ്ങാടു് പ്രൈമറി ഹെൽത്തു യൂണിറ്റു്—ഒരു വാർഡു്.
(3) മുളന്തുരുത്തി ഡിസ്പെൻസറി—ഒരു വാർഡു്.
(4) പുഴനാടു് ഡിസ്പെൻസറി—കെട്ടിടം.
(5) പൂവാർ ഡിസ്പെൻസറി—കെട്ടിടം.

കടമ്പനാട്ടയിൽ പുതുതായി പണിചെയ്ത ഡിസ്പെൻസറി വാർഡും, അടിമാലിയിൽ പുതുതായി പണിഞ്ഞ ഡിസ്പെൻസറി കെട്ടിടവും പ്രവർത്തനമാരംഭിക്കുവാൻ കല്പന അയച്ചിട്ടുണ്ടു്.

(ബി) നേരെ കൊല്ലമായി.

(സി) വാർഡുകൾക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള പ്രയാസം കൊണ്ടും, കെട്ടിടങ്ങളുടെ മതിൽകെട്ടു് കിണർകുഴിപ്പിക്കുക മുതലായ ജോലികൾ പൂർത്തിയാക്കാത്തതുകൊണ്ടും;

(ഡി) ശരാശരി 360.

(ഇ) ഒന്നു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: വളരെയധികം രോഗികളുള്ള ആശുപത്രികളിൽ ബെഡ്ഡുകളും കൊടുക്കുന്നതിനും ഉള്ളിടത്തോളം ഡോക്ടർമാരെ നിയമിക്കുന്നതിനും ശ്രദ്ധിക്കുമോ?

ഡോക്ടർ ഏ. ആർ. മേനോൻ: കഴിയുന്നതും എല്ലാം ചെയ്യാം.

ശ്രീ. കെ. എം. ജോർജ്ജ്: അടിമാലി ഡിസ്പെൻസറിയിൽ മതിൽകെട്ടാഞ്ഞത് അവിടെ താമസിക്കുന്ന രണ്ടു കുടികളും ദേവികുളം ഉപതിരഞ്ഞെടുപ്പു സമയത്തിൽ പൊളിക്കുകയില്ലെന്നു പറഞ്ഞിരുന്നതുകൊണ്ടാണോ?

ഡോക്ടർ ഏ ആർ. മേനോൻ: മതിൽകെട്ടാൻ ആർഡർ കൊടുത്തുകഴിഞ്ഞു.

ശ്രീ. കെ. എം. ജോർജ്ജ്: മൂവാറ്റുപുഴ ഗവണ്മെൻറാശുപത്രിയോടു ചേർന്ന് ഒരു കെട്ടിടം പണിതീർത്തിട്ട് ആറേഴുമാസമായി. അതു ഉദ്ഘാടനം ചെയ്യുന്നതിന് മന്ത്രി ശ്രദ്ധിക്കുമോ?

ഡോക്ടർ ഏ ആർ. മേനോൻ: ഓരോ ബുദ്ധിമുട്ടുകൾ കൊണ്ടാണ് ചെയ്യാതിരിക്കുന്നത്. എല്ലാം കഴിയുന്നതുവേഗം ചെയ്യാം.

ശ്രീ. കെ. എം. ജോർജ്ജ്: ധാരാളം സ്ത്രീകൾ വരുന്ന കോതമംഗലം ആശുപത്രിയിൽ ഒരു ലേഡി ഡോക്ടറെ നിയമിക്കാൻ ശ്രദ്ധിക്കുമോ?

ഡോക്ടർ ഏ. ആർ. മേനോൻ: എല്ലാ ആശുപത്രികളിലും അങ്ങിനെ ലേഡി ഡോക്ടറന്മാരെ നിയമിക്കണമെങ്കിൽ അത്രത്തോളം ലേഡിഡോക്ടറന്മാർ വേണം. ഇപ്പോൾ അതില്ല.

പാലായിലുള്ള പുതിയ ഹൈസ്കൂൾ.

* 1643. [13] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലായിൽ ഒരു പുതിയ ഗവണ്മെൻറ് ഹൈസ്കൂൾ തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് തുടങ്ങിയത്;

(സി) അവിടെ അനേകവർഷങ്ങളായി നടന്നുകൊണ്ടിരുന്ന സെൻറ് തോമസ് ബോയിസ് ഹൈസ്കൂളിൻറെയും സെൻറ മേരീസ് ഗേൾസ് ഹൈസ്കൂളിൻറെയും മദ്ധ്യത്തിലാണോ ഈ സ്കൂൾ; ഇപ്പോഴത്തെ സ്കൂളും ഈ ഹൈസ്കൂളുകളും തമ്മിൽ എന്തു ദൂരമുണ്ട്;

(ഡി) ഈ സ്കൂളിനുവേണ്ടി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യണം; അതിനു മുദ്ദേശം വിലയെന്തു;

(ഇ) എത്രപേരുടെ വസതികൾ നഷ്ടപ്പെടേണ്ടതായി വരും?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ട്.

(ബി) 1958-59-ൽ.

(സി) അവിടെയുള്ള സെൻറ തോമസ് ബോയിസ് ഹൈസ്കൂളിൽ നിന്നു കുറെ ദൂരമുണ്ട് ഗവണ്മെൻറ ഹൈസ്കൂളിലേയ്ക്ക്.

(ഡി, ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

ശ്രീ. സി. ഏ. മാത്യു: സെൻറ തോമസ് ബോയിസ് ഹൈസ്കൂളിൻറെയും സെൻറ മേരീസ് ഗേൾസ് ഹൈസ്കൂളിൻറെയും മദ്ധ്യത്തിലാണോ ഈ സ്കൂൾ എന്നാണു ചോദിച്ചിരിക്കുന്നത്. അതിനുത്തരം കിട്ടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly